**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2596** **23-02-2026 - ൽ മറുപടിയ്ക്ക്**

**ഷൊർണ്ണൂർ മണ്ഡലത്തിലെ കോതക്കുറിച്ചി സബ് സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഷൊർണ്ണൂർ മണ്ഡലത്തിലെ കോതക്കുറിച്ചി 110 കെ.വി. സബ് സ്റ്റേഷന്റെ പണി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | ഷൊർണൂർ മണ്ഡലത്തിലെ കോതക്കുറിച്ചി 110kV സബ്സ്റ്റേഷന്റെ കൺട്രോൾ റൂമിന്റെ പണി 75% പൂർത്തീകരിച്ചു. 110kV സബ്സ്റ്റേഷൻ യാർഡിന്റെ പണികൾ 40% പൂർത്തീകരിച്ചതായി KSEBL അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പൂർത്തിയായാൽ ഏതെല്ലാം പഞ്ചായത്തുകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന് വിശദമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതി പൂർത്തീകരിച്ചാൽ അനങ്ങനടി, ചളവറ, തൃക്കടീരി, പൂക്കോട്ടുകാവ്, വാണിയംകുളം എന്നീ പഞ്ചായത്ത് പ്രദേശങ്ങളിലും ഒറ്റപ്പാലം, ചെർപ്പുളശ്ശേരി എന്നീ മുനിസിപ്പാലിറ്റി പ്രദേശങ്ങളിലും പ്രയോജനം ലഭിക്കുന്നതാണ്. |
| (സി) | ഭാവിയിലെ ലോഡ് വർദ്ധനവ് കണക്കിലെടുത്ത് സബ്സ്റ്റേഷൻ ശേഷി (കപ്പാസിറ്റി) വർദ്ധിപ്പിക്കാൻ സാധ്യത ഉണ്ടോ; വിശദമാക്കാമോ? | (സി) | ഭാവിയിലുള്ള ലോഡ് വർദ്ധനവ് കണക്കിലെടുത്താണ് സബ്സ്റ്റേഷന്റെ കപ്പാസിറ്റി തീരുമാനിച്ചിട്ടുള്ളത്. 25 MVA ആണ് സ്ഥാപിത ശേഷി. വരും വർഷങ്ങളിലേക്കുള്ള ലോഡ് കണക്കാക്കിയാണ് നിർണ്ണയിച്ചിട്ടുള്ളത്. ഭാവിയിൽ ടി ശേഷിക്കപ്പുറം അധികരിക്കുകയാണെങ്കിൽ 40MVA വരെ കപ്പാസിറ്റി വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ